(ബി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾതന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവുപ്രകാരവും (ഉത്തരവ് നമ്പർ എം.എസ്. എ 2/68360/ആറഡ തീയതി 19-10-2012) സർക്കാർ ഉത്തരവ് പ്രകാരവും (ജി.ഒ (ആർ.ടി.) നമ്പർ 1895/2014/ആകവ തീയതി 9-6-2014), 27-11-2015-ലെ 13305/എഫ്1/15/ആകവ. നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജൻ ഔഷധ സെന്ററുകൾ

118(818) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് കുറഞ്ഞ നിരക്കിൽ ജനറിക് മരുന്നുകൾ ലഭ്യമാക്കാൻ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് ഏതെങ്കിലും ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇപ്രകാരം മരുന്നുകൾക്ക് എത്ര ശതമാനം വരെ വില കുറച്ച് നൽകാൻ കഴിയും എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ജില്ലാ-താലൂക്കാശുപത്രികളിൽ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ തലത്തിൽ 'ജൻ ഔഷധ സെന്ററുകൾ' ആരംഭിച്ചിട്ടില്ല. 'ജൻ ഔഷധ സെന്ററുകൾ' തുടങ്ങാനുള്ള ഓപ്പറേറ്റിംഗ് ഏജൻസിയായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ പ്രമതലപ്പെടുത്തിക്കൊണ്ട് G.O.(Rt) No.2190/15/H &FWD തീയതി 14-7-2015 പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സാധാരണക്കാരായ രോഗികൾക്ക് (ആദായ നികുതിദായകരൊഴികെ എല്ലാവർക്കും) ആശുപത്രി ഫാർമസികൾവഴി സൗജന്യമായും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി കുറഞ്ഞ നിരക്കിലും ഇന്നുവരെയുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുന്നുണ്ട്.

(സി) ജൻ ഔഷധി സ്കീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളിൽ ആകെയുള്ള 361 ഇനം മരുന്നുകളിൽ 143 എണ്ണവും നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് മാത്രമല്ല, ഇവയിൽ 131 ഇനം മരുന്നുകളുടെ വില ജൻ ഔഷധി സ്റ്റീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളേക്കാൾ കുറവാണ്. ഇതുകൂടാതെ, വ്യത്യസ്ത വീര്യത്തിലും സ്പെസിഫിക്കേഷനിലുമായി 73 എണ്ണം മരുന്നുകളും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ 2015-16 വർഷത്തെ സൗജന്യ വിതരണത്തിനുള്ള അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. അതായത്, ആകെ 216 ഇനം മരുന്നുകൾ ജൻ ഔഷധി സ്റ്റീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളായി നിലവിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഇത് ജൻ ഔഷധി സ്റ്റീമിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ആകെ 60% വരും.

(ഡി) കേന്ദ്ര സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നവർ അപേക്ഷിച്ചാൽ ജില്ലാ-താലൂക്കാശുപത്രികളിൽ സ്ഥാപനത്തിന്റെ ആവശ്യാനുസരണം ജൻ ഔഷധി സെന്ററുകൾ തുടങ്ങുവാൻ നിയമവിധേയമായി അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

അവശ്യമരുന്നുകളുടെ ലഭ്യത

119(819) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലപ്പോഴും അവശ്യ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ലഭ്യമാക്കുവാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും അവശ്യ മരുന്നുകൾ വാർഷിക ഇൻഡന്റ് അനുസരിച്ച് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ജില്ലാ വെയർഹൗസുകളിൽ അവശ്യമരുന്നുകളുടെ കരുതൽ സ്റ്റോക്ക് സൂക്ഷിക്കുന്നുമുണ്ട്. അവശ്യമരുന്ന് ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാൻസർ രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന 69 ഇനം മരുന്നുകൾ ഉൾപ്പെടെ 585 ഇനം മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായുള്ള ഇ-ടെണ്ടറുകൾ 2015 ജനുവരി 8-ന് ക്ഷണിക്കുകയും അതിൽ വിതരണക്കാരെ ലഭിക്കാത്തതും, ദേശീയ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ച